# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1312 21/03/2013 ൽ മറുപടിക്ക്

## കാസർഗോഡ്-കാഞ്ഞങ്ങാട് സംസ്ഥാനപാത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ്-കാഞ്ഞങ്ങാട് സംസ്ഥാന പാതയുടെ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ ; | (എ) കെ.എസ്.ടി.പി യുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കുമോ ; | (ബി) ഈ പ്രവൃത്തിക്ക് 133.06 കോടി രൂപയുടെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. |
| (സി) ഏത് കമ്പനിയാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് ; പൂർത്തീകരണ കാലാവധി അറിയിക്കുമോ ; | (സി) M/s RDS Project Ltd എന്ന കമ്പനിയാണ് പണി ഏറ്റെടുത്തിരിക്കുന്നത്. കാലാവധി രണ്ട് വർഷം ആണ്. |
| (ഡി) നിലവിലുള്ള എസ്റ്റിമേറ്റിൽ പ്രസ്തുത റോഡിലെ ചളിയങ്കോട് ഭാഗത്തെ കയറ്റവും ഇറക്കവും എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) ചളിയങ്കോട് ഭാഗത്തെ കയറ്റവും ഇറക്കവും കുറയ്ക്കുന്നതിലേക്കായി മേൽപ്പാലം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ